

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P5/2099/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/12/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P5/2099/24 തീയ്യതി: 20/12/2024

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2023 മുതൽ 03-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. നന്ദന എസ് പിള്ള (കെ.എ.എസ്)	ഡെപ്യൂട്ടി ഡയറക്ടർ	04-12-2024	11-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-12-2024	11-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത. ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിശ ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സഹദ് ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.അയന എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സബിത മണക്കുഴി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ശൈലജ കെ	സെക്രട്ടറി	01-04-2023	10-07-2023
ശ്രീ.അബ്ദുൽ അസീസ് വള്ളിൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	11-07-2023	20-07-2023
ശ്രീമതി അനിഷ വി	സെക്രട്ടറി	21-07-2023	30-10-2023
ശ്രീ.അബ്ദുൽ അസീസ് വള്ളിൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	31-10-2023	17-01-2024
ശ്രീ ബാബുലാൽ എൽ	സെക്രട്ടറി	18-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അബ്ദുൽ അസീസ് വള്ളിൽ	അസി.സെക്രട്ടറി	01-04-2023	31-03-2024
ഡോ. ഷിൽന ബി മഠത്തിൽ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2023	31-03-2024
ഡോ.റുബീന	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	17-08-2023
ഡോ. സുശാന്ത്	മെഡിക്കൽ ഓഫീസർ, ആയുർവേദം	18-08-2023	31-03-2024
ഡോ.ജയന	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	20-08-2023
ശ്രീമതി പ്രിൻസി	മെഡിക്കൽ ഓഫീസർ, ഹോമിയോ (താത്കാലികം)	21-08-2023	02-09-2023
ഡോ.രാഗി	മെഡിക്കൽ ഓഫീസർ, ഹോമിയോ	03-09-2023	31-03-2024
ഡോ.സുനിൽകുമാർ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. ആഷിക് കെ.ടി	അസി.എഞ്ചിനീയർ	01-04-2023	12-09-2023
ശ്രീമതി ഗീതിക ചന്ദ്രബോസ്	അസി.എഞ്ചിനീയർ	13-09-2023	31-03-2024
ശ്രീമതി സുജല ടി.കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി വിജയലക്ഷ്മി	കൃഷി ഓഫീസർ ഇൻ ചാർജ്	01-04-2023	08-06-2023
ശ്രീമതി അഞ്ജലി പി.	കൃഷി ഓഫീസർ	09-06-2023	31-03-2024
ശ്രീ അനിൽ കുമാർ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-05-2023
ശ്രീ ബാബു എം	ഫിഷറീസ് ഇൻസ്പെക്ടർ	01-06-2023	31-03-2024
ശ്രീമതി മഞ്ജു ബാല കൃഷ്ണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	26-07-2023

ശ്രീമതി അഞ്ജലി എം	ഡയറി ഫാം ഇൻസ്ട്രക്ടർ	27-07-2023	31-03-2024
ശ്രീ രാജീവൻ കെ.എം.	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീ സലീൽകുമാർ കെ.കെ.	വി.ഇ.ഒ (കോട്ടപ്പള്ളി സർക്കിൾ)	01-04-2023	31-03-2024
ശ്രീ സലീൽകുമാർ കെ.കെ.	വി.ഇ.ഒ ഇൻ -ചാർജ് (തിരുവള്ളൂർ സർക്കിൾ)	01-04-2023	19-05-2023
ശ്രീമതി ദീപ.ഇ	വി.ഇ.ഒ (തിരുവള്ളൂർ സർക്കിൾ)	20-05-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല	1-1-2
4	ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-3
5	മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-4
6	ചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു	1-1-5
7	ബാങ്ക് ബുക്കിൽ വരവുകൾ കൃത്യ സമയത്ത് രേഖപ്പെടുത്താതെ ചെലവ് നടത്തുന്നു	1-1-6
8	ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ	1-1-7
9	അക്രൂവൽ വരവുകളുടെ ഡിമാന്റിൽ വ്യാപകമായി തിരുത്തലുകൾ നടത്തുന്നു.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ക്ഷേമ പദ്ധതികൾ	1-6
15	ക്യാഷ് ബാലൻസ് പരിശോധന	1-7
16	തുക ഹ്രസ്വകാലത്തേക്കുള്ള സ്ഥിര നിക്ഷേപങ്ങളായി സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ നഷ്ടം	1-8
17	കറന്റ് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനാൽ പലിശയിനത്തിൽ നഷ്ടം	1-9
18	ടെലികമ്യൂണിക്കേഷൻ ടവറുകൾ - അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ ഇല്ല	1-10
19	ക്വാറികളുടെ പ്രവർത്തനം - റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്	1-11
20	ക്വാറി നടത്തിയ സി.എസ്.ആർ/ സി.ഇ.ആർ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമല്ല	1-12
21	ഹൈമാസ്റ്റ് ലൈറ്റ് എ.എം.സി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല	1-13
22	വസ്തുനികുതി പരിഷ്കരണ സർവ്വെ - ഡാറ്റാ എൻട്രി പൂർത്തിയായില്ല	1-14
23	തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - വ്യക്തമായ കണക്കുകളില്ല	1-15
24	കുഴൽ കിണറുകൾക്ക് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് - തുടർ നടപടികൾ സ്വീകരിക്കാത്തതും മറ്റ് അപാകതകളും	1-16
25	കമ്പ്യൂട്ടർ എ.എം.സി. രജിസറ്ററിൽ മതിയായ രേഖപ്പെടുത്തലുകളില്ല	1-17
26	പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം -പിഴ ഈടാക്കാത്തത് സംബന്ധിച്ച്	1-18
27	പദ്ധതികളുടെ ബാഹുല്യം - ചെലവ് ശതമാനം കുറയുന്നു	1-19
28	തുക അടവാക്കി - കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭ്യമായില്ല	1-20
29	റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതി അപാകതകൾ	1-21
30	എംസിഎഫ് വാഹന വാടക - അപാകതകൾ	1-22
31	ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ	1-23
32	ഭിന്ന ശേഷി വനിതകൾക്ക് പെട്ടിക്കട - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-24
33	ഡംപ് സൈറ്റ് ക്ലിയർ ചെയ്യൽ പദ്ധതി- അപാകതകൾ	1-25

34	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.05.2024 തീയതിയിലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 12.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട്,
20-12-2024

1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾക്കൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

മെയിന്റനൻസ് ഗ്രാൻഡ് റോഡ് , നോൺ റോഡ് ഫണ്ടുകൾ ഉപയോഗിച്ച നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയാണ് I-14 E ഷെഡ്യൂളുകളിൽ കാണിക്കേണ്ടത്. മെയിന്റനൻസിനു വേണ്ടി ചെലവഴിച്ച തുകയ്ക്കു പുറമേ അനുബന്ധ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വാങ്ങലുകൾ ഉൾപ്പെടെയുള്ള ചെലവുകൾ ഈ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കണം. മെയിന്റനൻസ് ഗ്രാൻഡ് റോഡ് , നോൺ റോഡ് എന്നീ ഫണ്ടുകളിൽ നിന്ന് ഇൻകം ആക്കി മാറ്റുന്ന തുക I- 6 ഷെഡ്യൂളിൽ ആണ് ഉണ്ടാവുക. ഇപ്രകാരം ഇൻകം ആക്കി മാറ്റിയ തുകയ്ക്ക് തുല്യമായ തുക I-14 E ഷെഡ്യൂളിലും ചെലവായി കാണിക്കേണ്ടതാണ്. എന്നാൽ I-14 E ഷെഡ്യൂളിൽ ചെലവ് തുകകൾ രേഖപ്പെടുത്തുന്നില്ല.

1-1-4 മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറിയുടെ പേരിൽ എസ്ബി.ഐ വടകര ബ്രാഞ്ചിൽ ഇ-ടെൻഡർ ആവശ്യങ്ങൾക്കായി ആരംഭിച്ച 38277858687 നമ്പർ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ 2023-24 വർഷാവസാനം 84,611/- രൂപയുടെ നീക്കിയിരിപ്പുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.17/23-24) പഞ്ചായത്ത് നൽകിയ മറുപടിയിൽ 2024-25 സാമ്പത്തിക വർഷം മുതൽ ടി അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി എന്ന് അറിയിച്ചിട്ടുണ്ട്.

1-1-5 ചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു

സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം നൽകിയ തുക "ADVANCE TO OTHER ACREDITED AGENCIES " എന്ന ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-6 ബാങ്ക് ബുക്കിൽ വരവുകൾ കൃത്യ സമയത്ത് രേഖപ്പെടുത്താതെ ചെലവ് നടത്തുന്നു

വരവ് ചെലവുകൾ യഥാസമയം രേഖപ്പെടുത്താത്തതിനാൽ ബാങ്ക് ബുക്കിൽ നീക്കിയിരിപ്പ് മൈനസ് ബാലൻസ് കാണിക്കുന്നു. വടകര സബ് ട്രഷറിയിലെ LGTSB (0633) അക്കൗണ്ടിൽ ട്രഷറി സ്റ്റേറ്റ്മന്റ് പ്രകാരം 4/4/23 ന് റിഡംപ്ഷൻ തുക 2,56,20,622/- രൂപ ക്രെഡിറ്റ് ആയിട്ടുണ്ട്. ഏപ്രിൽ മാസം അവസാനം വരെ ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല 2,63,539/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ തന്നെ 30/4/23 ന് ബാങ്ക് ബുക്ക് പ്രകാരം അക്കൗണ്ട് ബാലൻസ് - 2,63,539/- രൂപയാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 19/2023-24) പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ തിരക്കിനിടയിൽ റിഡംപ്ഷൻ തുക വരവ് ചേർക്കാൻ വിട്ട് പോയതാണെന്നും 8.5.23 തീയതിയിൽ പ്രസ്തുത തുക വരവിൽ എടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

1-1-7 ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എസ്.ബി.ഐ.ഇ പേയ്മെന്റ് അക്കൗണ്ടിന്റെ (67391928592) അപാകതകൾ

1. ഫെബ്രുവരി മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക് ബാലൻസ് തെറ്റായി ചേർത്ത് പൊരുത്തപ്പെടുത്തൽ നടത്തി. യഥാർത്ഥ ബാങ്ക് ബാലൻസ് 3649173.35 രൂപയാണ്. എന്നാൽ 29/2/24 തീയതിയിൽ റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക് ബാലൻസ് ആയി കാണിച്ചിരിക്കുന്നത് 35,50,020/- രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 22/23-24) പഞ്ചായത്ത് നൽകിയ മറുപടിയിൽ ബാങ്ക് ലഭ്യമാക്കിയ പാസ്ബുക്ക് പ്രകാരമുള്ള തുകയാണ് ചേർത്തതെന്നും, അതിൽ ആ മാസത്തെ മുഴുവൻ ഇടപാടുകളും പ്രതിഫലിച്ചില്ല എന്നും , തൊട്ടടുത്ത മാസത്തെ പൊരുത്തപ്പെടുത്തലിൽ അപാകത പരിഹരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

2. ഇ പേയ്മെന്റ് വഴി പഞ്ചായത്തിൽ വരവ് വരുന്ന തുകകൾ സൂക്ഷിക്കാൻ ആരംഭിച്ച അക്കൗണ്ട് ആണിത്. ഇതിൽ മറ്റ് ട്രാന്സാക്ഷൻസ് ഒന്നും തന്നെ നടത്തുന്നില്ല. എന്നാൽ 2023 ഏപ്രിൽ മാസത്തെ പൊരുത്തപ്പെടുത്തൽ പത്രികയിൽ Directly Debited By Bank എന്ന ഇനത്തിൽ 4,133/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു പിൻവലിക്കൽ നടന്നതായി ബാങ്ക് സ്റ്റേറ്റ്മന്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ 1,073/- രൂപ മെയ് മാസത്തിലെ പൊരുത്തപ്പെടുത്തലിന് മുന്നേ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 3,060/- രൂപ ജനുവരി മാസത്തിലും Directly Debited By Bank എന്ന ഇനത്തിൽ ചേർത്തിട്ടുണ്ട്. ടി തുക എങ്ങനെ വന്നു എന്നോ ഏത് രീതിയിൽ അഡ്ജസ്റ്റ് ചെയ്തു എന്നോ വ്യക്തമല്ല. ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരം ഒരു രൂപ പോലും അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുമില്ല.

1-1-8 അക്രൂവൽ വരവുകളുടെ ഡിമാന്റിൽ വ്യാപകമായി തിരുത്തലുകൾ നടത്തുന്നു.

പഞ്ചായത്ത് ഡിമാൻഡ് ചെയ്ത് കളക്ഷൻ നടത്തുന്ന ഡി.സി.ബി ഇനങ്ങളിൽ ഡിമാൻഡ് ചേർത്തതിന് ശേഷം ജേർണൽ എൻട്രി ചേർത്ത് കളക്ഷൻ അനുസൃതമായി ഡിമാൻഡ് തുക അഡ്ജസ്റ്റ് ചെയ്യുന്നു. യാതൊരു മാനദണ്ഡങ്ങളും കൂടാതെ ഒരു നിശ്ചിത തുക ഡിമാൻഡ് ചെയ്യുകയും പ്രതീക്ഷിത കളക്ഷൻ ഇല്ലാതെ വരുമ്പോൾ, കുറവുള്ള തുക ജേർണൽ എൻട്രി ചേർത്ത് ഡിമാന്റിൽ കുറവ് വരുത്തുകയും ചെയ്യുന്നു .

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

1. “PROPERTY TAX FROM RESIDENTIAL BUILDING” ലെ ആദ്യ ഡിമാൻഡ് നടത്തുന്നത് 25/11/2023 തീയതിയിലാണ്. 3,00,00,000/- രൂപ ഡിമാൻഡ് ആയി ചേർക്കുകയും വർഷാവസാനം വരെയുള്ള കളക്ഷന്റെ അടിസ്ഥാനത്തിൽ 31/3/24 ന് 20,675/- രൂപ “ഡിമാൻഡ് ഡിഡക്ഷൻ” എന്ന നറേഷൻ നൽകി ഡിമാൻഡ് കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

2. 25/11/23 തീയതിയിൽ “PROPERTY TAX FROM NON RESIDENTIAL BUILDING” എന്ന ഹെഡിൽ 2,60,000/- രൂപ ഡിമാൻഡ് ആയി ചേർക്കുകയും വർഷാവസാനം 31/3/24 ന്

കളക്ഷൻ തുകയുമായി അഡ്ജസ്റ്റ് ചെയ്യാനായി 2,57,009/- രൂപയുടെ കുറവ് ഡിമാന്റിൽ ജേർണൽ എൻട്രി മുഖേന വരുത്തുകയും ചെയ്തിട്ടുണ്ട്.

3. PROFESSIONAL TAX- INSTITUTIONS എന്ന ഹെഡിൽ 25/11/23 ന് 37,000/- രൂപ ഡിമാൻഡ് ചേർത്തിട്ടുണ്ട്. 31/3/24 ന് ഈ ഹെഡിൽ "DEMAND ADJUSTMENT" എന്ന നറേഷനിൽ 1,750/- രൂപ ജേർണൽ എൻട്രി വഴി കുറയ്ക്കുകയും അതെ തീയതിയിൽ തന്നെ 3,500/- രൂപ ചേർക്കുകയും ചെയ്തിട്ടുണ്ട്.

യാതൊരുവിധ അടിസ്ഥാനവുമില്ലാത്ത ഡിമാൻഡ് എൻട്രി ചേർക്കുന്നതിനും കളക്ഷൻ അനുസൃതമായി ഡിമാൻഡിൽ കുറവ് വരുത്തുകയും ചെയ്യുന്നതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക കണക്കുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 29.03.23 തീയതിയിലെ 3/1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 31/3/24 തീയതിയിലെ 3/1 തീരുമാന പ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,08,29,896
ഓഡിറ്റ് വർഷത്തെ വരവ്	7,25,40,033
ആകെ	10,33,69,929
ഓഡിറ്റ് വർഷത്തെ ചെലവ്	6,47,53,058
നീക്കിയിരിപ്പ്	3,86,16,871

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവഴിക്കാത്ത തുക
വികസന ഫണ്ട്-ജനറൽ	0	2,34,06,000	2,34,06,000	1,71,34,977	62,71,023
വികസന ഫണ്ട്-എസ്.സി.പി	0	33,20,000	33,20,000	29,47,260	3,72,740
മെയിന്റനൻസ്, റോഡ്	0	1,23,78,000	1,23,78,000	76,14,470	47,63,530
മെയിന്റനൻസ്, നോൺ-റോഡ്	0	33,96,600	33,96,600	33,24,026	72,574
സെൻട്രൽ ഫിനാ ൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	5,69,014	43,45,889 (38,76,000 + പലിശ 4,69,889)	49,14,903	26,59,386	22,55,517
സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ്	1,09,15,544	29,07,000	1,38,22,544	10,82,180	1,27,40,364

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
220	114	9	97	56

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	10,54,600
വിധവാപെൻഷൻ	1,40,97,900
വാർദ്ധക്യകാല പെൻഷൻ	2,67,63,800
വികലാംഗ പെൻഷൻ	64,65,300
50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,01,600

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-12-2024 തീയതിയിൽ 02.00 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66,539/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 തുക ഹ്രസ്വകാലത്തേക്കുള്ള സ്ഥിര നിക്ഷേപങ്ങളായി സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ നഷ്ടം

കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് തിരുവള്ളൂർ ബ്രാഞ്ചിൽ 100171807520021 നമ്പറിൽ പഞ്ചായത്ത് 181 ദിവസ കാലാവധിയിലേക്ക് മാത്രം സ്ഥിരനിക്ഷേപം നടത്തുകയും കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് നിക്ഷേപം പുതുക്കുകയുമാണ് ചെയ്യുന്നത്. 2020 ൽ ആരംഭിച്ച നിക്ഷേപം നിലവിലും 181 ദിവസം കൂടുമ്പോൾ പുതുക്കി പോരുകയാണ് ചെയ്യുന്നത്. ആർ.ബി.ഐ നിർദ്ദേശ പ്രകാരം സഹകരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം കൂടുതൽ പലിശ ലഭ്യമാകുക നിക്ഷേപ കാലയളവ് 2 വർഷത്തിന് മുകളിലാവുമ്പോഴാണ്. സ്ഥിര നിക്ഷേപങ്ങൾ ഹ്രസ്വ കാലത്തേക്ക് ചെയ്യുന്നതിനാൽ പലിശയിനത്തിൽ 1% ന്റെ വരെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നിലവിൽ 1/1/25 വരെയാണ് സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്നത്. ബജറ്റ് പരിഗണിച്ച് അനുയോജ്യമായ നിക്ഷേപ സാധ്യതകൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 കറന്റ് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനാൽ പലിശയിനത്തിൽ നഷ്ടം

വടകര എസ്.ബി.ഐ ബ്രാഞ്ചിലെ 67391928592 നമ്പർ ഇ-പേയ്മെന്റ് അക്കൗണ്ടിൽ 2023-24 വർഷാവസാനം 43,76,105/- രൂപ നീക്കിയിരിപ്പുണ്ട്. കറന്റ് അക്കൗണ്ട് ആയതിനാൽ തന്നെ ഈ തുകയ്ക്ക് പലിശ ലഭിക്കുന്നില്ല. അക്കൗണ്ടിൽ

നീക്കിയിരിപ്പുള്ള തുക പലിശ ലഭിക്കുന്ന മറ്റൊരു തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുകയോ സ്ഥിര നിക്ഷേപമായി മാറ്റുകയോ ചെയ്യേണ്ടതാണ്.

1-10 ടെലികമ്യൂണിക്കേഷൻ ടവറുകൾ - അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ ഇല്ല

സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിലവിൽ പഞ്ചായത്ത് പരിധിയിൽ ഇൻഡസ് എന്ന സ്ഥാപനത്തിന്റെ പേരിൽ 7/6 A എന്ന കെട്ടിട നമ്പറിൽ ഒരു മൊബൈൽ ടവർ മാത്രമാണ് പ്രവർത്തിച്ച് പോരുന്നത്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾക്ക് ക്രമവൽക്കരണ അപേക്ഷ നൽകുകയും ആവശ്യമായ രേഖകളുടെ അഭാവത്തിൽ അപേക്ഷകൾ തിരുത്തൽ വരുത്താനായി തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തിരിച്ചയച്ച അപേക്ഷകൾ പരിഹരിച്ച് വന്നതായി കാണുന്നില്ല. ഇതിൽ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചതായും ഫയലിലില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

അപേക്ഷ- ഫയൽ നമ്പർ, തീയതി	കെട്ടിട ഉടമ	വാർഡ്/ സർവേ നം
4819/22- 17.9.22	INDUS TOWERS	7/ 67/13
4127/14- 14.5.2014	INDUS TOWERS	16/253/14
848/19- 6.2.19	INDUS TOWERS	19/14/4
6810/22- 24.11.22	TOWER VISION	16/91/1
6698/2021- 2.9.21	ATC TELECOM	17/76/12
601/22- 8.11.22	SUMMIT DIGITAL	8/492/3
810/22- 26.5.22	INDUS TOWERS	20/23/33

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 എ വകുപ്പ് പ്രകാരം ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, കെട്ടിടം പണി പൂർത്തിയാവുകയോ അത് 203-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

മേൽ നിയമങ്ങൾക്കും ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കുമനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-11 ക്വാറികളുടെ പ്രവർത്തനം - റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയുടെ (SEIAA) വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ ആകെ 2 ക്വാറികളാണ് പാരിസ്ഥിതിക അനുമതി (ഇ.സി) നേടിയിരിക്കുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Sl.No	CLEARENCE NO	ക്വാറിയുടെ വിശദാംശം
1	26/Q/2023	ശ്രീ കുമാരൻ എൻ.എം , SURVEY.NO: 316 /4, 320/6 ൽ .5463 ഹെക്ടർ വിസ്തീർണ്ണത്തിൽ ഗ്രാനൈറ്റ് സ്റ്റോൺ ക്വാറി
2	39/L/2020	ശ്രീ ഷാജി എൻ.എം , SURVEY.NO: 533 /2,3 .3339 ഹെക്ടർ

		വിസ്തീർണ്ണത്തിൽ ഗ്രാനൈറ്റ് സ്റ്റോൺ ക്വാറി

മുകളിൽ കൊടുത്തിരിക്കുന്നതിൽ ക്രമ നമ്പർ 1 ൽ പ്രതിപാദിച്ച ശ്രീ കുമാരൻ എൻ.എം ന്റെ ഉടമസ്ഥതയിലുള്ള ക്വാറിക്ക് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നത് (നം-1232/24). പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാത്ത ക്വാറി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഫീൽഡ്തല പരിശോധന നടത്തി ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ക്വാറി നടത്തിയ സി.എസ്.ആർ/ സി.ഇ.ആർ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമല്ല

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ O.M:F No.22-65/2017 IA.Iii തീയതി 01.05.2018 & 30.09.2020 വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിലെ ക്വാറികളുടെ പരിസ്ഥിതി ക്ലിയറൻസ് (ഇ.സി) പ്രക്രിയയുടെ ഭാഗമായി ക്വാറികൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി. എസ്. ആർ) നടപ്പിലാക്കേണ്ടതാണ്.

നിലവിൽ പ്രവർത്തിച്ചു വരുന്ന ക്വാറി ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ക്വാറി നടത്തുന്ന വ്യക്തി ഒരു എൻവയോൺമെന്റ് മാനേജ്മന്റ് പ്ലാൻ (EMP) തയ്യാറാക്കേണ്ടതാണെന്നും ഈ പ്ലാൻ ലോക്കൽ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം മാത്രമേ തയ്യാറാക്കാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. ഖനനം മൂലം പാരിസ്ഥിതിക സാമൂഹ്യ മൂല്യച്യുതി സംഭവിക്കാനിടയുള്ള പ്രദേശത്തിന്റെ ഉന്നമനം ലക്ഷ്യം വെച്ച് നടപ്പിലാക്കേണ്ട ഇ.എം.പി പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ പാരിസ്ഥിതിക അനുമതി റദ്ദ് ചെയ്യുന്നതാണ് എന്നും പാരിസ്ഥിതിക അനുമതിയുടെ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പാരിസ്ഥിതിക അനുമതിയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് പരിധിയിലെ ഖനന സ്ഥാപനം നിർബന്ധമായും നടപ്പിലാക്കിയിരിക്കേണ്ട ഇ.എം.പി പദ്ധതികളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

YEAR PERIOD	Sl.No.	Particulars	Amount	MAINTENANCE AMOUNT
FIRST YEAR AND SECOND YEAR	1	നിടുമ്പ്രമണ്ണ സ്കൂളി നായി റൂഫ് ടോപ് റൈൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ	Rs. 1,00,000	15,000
FIRST YEAR AND SECOND YEAR	2	നിടുമ്പ്രമണ്ണ സ്കൂളിനായി 2 KW സോളാർ യൂണിറ്റ് സ്ഥാപിക്കൽ	Rs. 2,00,000	25,000
			Total Amount Including Maintenance Cost	**3,40,000/-**

അനുമതിയിലെ വ്യവസ്ഥകൾ പ്രകാരം ക്വാറി പ്രവർത്തനം തുടങ്ങി രണ്ട് വർഷത്തിനുള്ളിൽ എല്ലാ ഇ.എം.പി പ്രവൃത്തികളും പൂർത്തിയാക്കേണ്ടതും ക്വാറി പ്രവർത്തനകാലം വരെ നിർമ്മിച്ച ആസ്തികളുടെ പരിപാലനം നടത്തേണ്ടതുമാണ്. ടി ക്വാറിക്ക് അനുമതി ലഭിച്ചത് 08/2/2023 തീയതിയിലാണ്. മുകളിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന എല്ലാ പദ്ധതികളും ഈ കാലയളവിനുള്ളിൽ പഞ്ചായത്തുമായി കൂടിയാലോചിച്ച് ക്വാറി ഉടമ പഞ്ചായത്ത് പരിധിക്കുള്ളിൽ നടപ്പിലാക്കേണ്ടതാണ്.

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ രണ്ടാം റിപ്പോർട്ടിലെ ഖണ്ഡിക 4.19 ൽ Corporate Social Responsibility Fund (CSR Fund) നല്കാൻ കഴിയുന്ന എല്ലാ സ്ഥാപനങ്ങളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഔദ്യോഗിക ചർച്ചകൾ നടത്തേണ്ടതും അതനുസരിച്ച് തങ്ങളുടെ പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തുള്ള, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി ഫണ്ടുകൾ നീക്കിവയ്ക്കാൻ സന്നദ്ധരാകുന്ന കോർപ്പറേറ്റുകൾ ഉൾപ്പെടെയുള്ള, എല്ലാ സ്ഥാപനങ്ങളുടെയും ഒരു യോഗം പദ്ധതി രൂപീകരണ ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റികൾ ചേരുന്നതിനു മുൻപായി വിളിച്ചു ചേർക്കേണ്ടതും ഏതൊക്കെ സ്ഥാപനങ്ങൾ ഏതൊക്കെ പദ്ധതികൾക്ക് ഭാഗികമായോ പൂർണ്ണമായോ എത്രമാത്രം ഫണ്ടുകൾ ലഭ്യമാക്കും എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത വിലയിരുത്തലിന്റെ ഭാഗമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഇത്തരം ഫണ്ടുകൾ ഉപയോഗിച്ച് ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകൾ നിശ്ചയിക്കുകയും അവയിലെ വിഭവ വകയിരുത്തലും വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച ഒരു കർമ്മപരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത കർമ്മപരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിരേഖയുടെ ഭാഗമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണെന്ന് എഫ്.എം.1/20/2023/ ത.സ്വ.ഭ.വ (എഫ്.എം) 09.06.2023 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

പാരിസ്ഥിതിക സന്തുലനത്തെ ബാധിക്കുന്നതും, കൃത്യമായ വ്യവസ്ഥകളും നിബന്ധനകളും പാലിച്ച് മാത്രം പ്രവർത്തിക്കേണ്ടതുമായ ക്വാറികളും ക്രഷറുകളും പോലെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷം അവയുടെ പ്രവർത്തനത്തിൽ തുടർ നിരീക്ഷണം നടത്തേണ്ടതുണ്ട്. സ്ഥാപനങ്ങൾ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും പുതുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അപ്രകാരം പുതുക്കിയിട്ടില്ലെങ്കിൽ ലൈസൻസ് റദ്ദാക്കി ചട്ടപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-13 ഹൈമാസ്റ്റ് ലൈറ്റ് എ.എം.സി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

നിർവ്വഹണം	സെക്രട്ടറി
പ്രൊജക്ട് നമ്പർ	141/24
അടങ്കൽ	2,00,000 (തനതു ഫണ്ട്)

ചെലവ് തുക	1,96,000 (തനതു ഫണ്ട്)
ബിൽ സാങ്ഷൻ നമ്പർ, തീയതി	347/19.03.24

ഗ്രാമപഞ്ചായത്തിലെ ലോ മാസ്റ്റ്/ ഹൈമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി വെയ്ക്കുന്നതാണ് പദ്ധതി. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ മൈക്രോ ടെക്നോളജീസ് കോഴിക്കോട്, ലുമിക്സർ മാർക്കറ്റിങ് പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ കോട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ്, എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (18.01.24 ലെ 1/2 നമ്പർ പഞ്ചായത്ത് തീരുമാനം) ഒന്നിന് 49,000/- രൂപ നിരക്കിൽ മൂന്ന് ലോമാസ്റ്റ് ലൈറ്റുകൾക്കും ഒരു ഹൈമാസ്റ്റ് ലൈറ്റിനുമായി 1,96,000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റുകളുമായി ബന്ധപ്പെട്ട് ആയവ സ്ഥാപിച്ച സ്ഥലം, വർഷം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നിലവിൽ വാറന്റി/എ.എം.സി ഉള്ളവയ്ക്കാണോ തുക ചെലവഴിച്ചതെന്ന് പരിശോധിക്കാനായിട്ടില്ല.

2. എ.എം.സി പ്രകാരം മാറ്റി സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് വാറന്റി സംബന്ധിച്ച വ്യവസ്ഥകൾ സ്ഥാപനം സമർപ്പിച്ച ടെണ്ടറിലോ എഗ്രിമെന്റിലോ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഇത്തരത്തിലുള്ള വ്യവസ്ഥകളോടെ ടെണ്ടർ സമർപ്പിക്കണം എന്ന് ടെണ്ടർ നോട്ടീസിലും വ്യക്തമാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ബില്ല് പ്രകാരം 100 W LED FLOOD LIGHT ആണ് സപ്ലൈ ചെയ്തതായി കാണുന്നത് . എന്നാൽ ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകളും ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഒരു വർഷത്തേയ്ക്ക് ലൈറ്റുകൾ മാറ്റി സ്ഥാപിച്ച് പരിപാലിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ 28.02.25 വരെ എഗ്രിമെന്റ് പ്രകാരം പ്രൊജക്ടിന് കാലാവധിയുണ്ട്. എന്നാൽ എഗ്രിമെന്റിൽ ബിൽ സമർപ്പിക്കുമ്പോൾ തന്നെ 100% തുകയും പൂർണ്ണമായും സ്ഥാപനത്തിന് നൽകണം എന്ന തെറ്റായ വ്യവസ്ഥ (വ്യവസ്ഥ 4) ഉൾപ്പെടുത്തുകയും എ.എം.സി തുക പൂർണ്ണമായും എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി തീരുന്നതിനു മുൻപായി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

അതുപോലെ എ.എം.സി വ്യവസ്ഥയിൽ മാറ്റി സ്ഥാപിക്കുന്ന ലൈറ്റുകൾക്കുള്ള വാറന്റി ആയത് മാറ്റി സ്ഥാപിക്കുന്നത് മുതൽ ഒരു വർഷത്തേയ്ക്ക് എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് പകരം എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തെറ്റായ വ്യവസ്ഥ പ്രകാരവും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട സേവനകാലയളവിൽ കുറവ് വന്നിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യം കണക്കിലെടുക്കാതെയും കൃത്യമായ രേഖകളുടെ അഭാവത്തിലും ഇത്തരം പ്രൊജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,96,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-14 വസ്തുനികുതി പരിഷ്കരണ സർവ്വെ - ഡാറ്റാ എൻട്രി പൂർത്തിയായില്ല

നിർവ്വഹണം	സെക്രട്ടറി

പ്രൊജക്ട് നമ്പർ	234/24
അടങ്കൽ	5,00,000(തനതു ഫണ്ട്)
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ, തീയതി
40,255	345/19.03.24
5,520	392/23.03.24

22.3.23 ലെ സ.ഉ (കൈ)77/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13 ലെ നിർദ്ദേശാനുസരണം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി തുക ചെലവഴിക്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം ഇതിനായി നിയമിച്ചവർക്ക്, വിവരശേഖരണം പൂർത്തിയാക്കിയത് അടിസ്ഥാനപ്പെടുത്തി തുക നൽകുന്നതിനായി 2023-24 വർഷം 40,255/- രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 6, 11, 13, 14 എന്നീ വാർഡുകളിലായി 1365 കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനായാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഒരു കെട്ടിട നമ്പറിന് പരമാവധി 30/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനത്തിന് വിധേയമായി നല്കാമെന്നാണ് മേൽ ഉത്തരവിലെ നിബന്ധനകളിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ വിവരശേഖരണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ 4 വാർഡുകളിൽ ഒരു വാർഡിലും ഡാറ്റ എൻട്രി ചെയ്തിട്ടില്ല. സഞ്ചയയിൽ ഡാറ്റ എൻട്രി ചെയ്യാതെ വിവരശേഖരണം പൂർത്തിയാക്കിയതിന് മാത്രം ഓരോ കെട്ടിട നമ്പറിന് 25/- രൂപ എന്ന നിരക്കിൽ 4 വാർഡുകളിലായി നിയമിച്ചവർക്ക് തുക അനുവദിച്ചിട്ടുണ്ട്. ഓരോ കെട്ടിടത്തിന്റെ വിവരവും ഓരോ റിപ്പോർട്ടായി ലഭ്യമായെങ്കിലും നാളിതുവരെ തുടർ നടപടികൾക്ക് സഹായകമാകുംവിധം ഈ വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ല. ഇതുകൊണ്ട് തന്നെ ക്രമവൽക്കരിക്കേണ്ടതും, നികുതി പുനർ നിർണ്ണയിക്കേണ്ടതും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമായ കെട്ടിടങ്ങളുടെ വിശദാംശം ഒറ്റ നോട്ടത്തിൽ ലഭ്യമല്ല. ക്രമവൽക്കരണം ആവശ്യമായവയ്ക്ക് നോട്ടീസ് പുറപ്പെടുവിക്കുക, മറ്റുള്ളവയുടെ കാര്യത്തിൽ സഞ്ചയയിൽ ആവശ്യമായ ഡാറ്റാ എൻട്രി നടത്തുക തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി നിർവ്വഹിച്ച് പരിഷ്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. കൂടാതെ മറ്റ് വാർഡുകളിൽ വിവരശേഖരണം ആരംഭിച്ചിട്ടുമില്ല.

2. ഫയൽ പ്രകാരം വാർഡ് 13 ലെ 68 കെട്ടിട നമ്പറുകളുടെ വിവരശേഖരണം പൂർത്തിയാക്കിയത് ശ്രീമതി. ശ്രീജിത എന്ന വ്യക്തിയാണ്. മേൽ നിരക്ക് പ്രകാരം 68 നമ്പറുകൾക്ക് നൽകാവുന്ന തുക 1700/- രൂപയാണ്. എന്നാൽ ട്രഷറി ബിൽ പ്രകാരം ഈ വാർഡിലെ വിവരശേഖരണത്തിനായി 7800/- രൂപ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, തുക അനുവദിച്ചത് അപേക്ഷ സമർപ്പിച്ച ശ്രീമതി. ശ്രീജിത എന്നവർക്ക് പകരം അപർണ്ണ എന്നവരുടെ അക്കൗണ്ടിലേക്കാണ്. ഡാറ്റാ എൻട്രി പൂർത്തിയാക്കാതെ തുക അനുവദിച്ചതും, അധിക തുക അനുവദിച്ചതും, തെറ്റായ അക്കൗണ്ടിലേക്ക് തുക അനുവദിച്ചതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം. 4 /23-24 തീയതി 12.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 40,255/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-15 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ - വ്യക്തമായ കണക്കുകളില്ല

പ്രൊജക്ട് നമ്പർ	237/24
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	48,00,000(തനതു ഫണ്ട്)
ചെലവ് തുക	24,00,000/-
ബിൽ സാങ്ഷൻ നമ്പർ	509/30.03.24

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതാണ് പദ്ധതി. 2023-24, 2024-25 എന്നീ രണ്ടു വർഷത്തേയ്ക്കുള്ള ബഹുവർഷ പദ്ധതിയായി ഓരോ വർഷവും 24,00,000/- രൂപ വീതം ചെലവഴിച്ച് നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ മുഖേന പി.എം.സി ആയി നിർവ്വഹിക്കുന്നതിന് ബിഡ്ഡിങ്ങ് ക്ഷണിക്കുകയും, ടെണ്ടറിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, KEL എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ കാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെ പി.എം.സി ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമായി മൈക്രോ ടെക്നോളജീസ്, പുതിയറ, കോഴിക്കോട് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 48,00,000/- രൂപയുടെ അടങ്കലിൽ രൂപീകരിച്ച ഈ പദ്ധതിയിൽ, 1433 ബൾബുകൾ സ്ഥാപിച്ചതായുള്ള സ്ഥാപനത്തിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ തൻവർഷം 24,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ, അവയുടെ എണ്ണം, തരം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇത്തരം പ്രാഥമിക വിവരങ്ങൾ ഇല്ലാതെ ഏതൊക്കെ വാർഡുകളിലെ ഏതെല്ലാം ബൾബുകളാണ് റീപ്ലെയ്സ് ചെയ്യേണ്ടത് എന്ന് കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. മാത്രമല്ല, പ്രൊജക്ട് രൂപീകരിച്ചതിലും മാറ്റി സ്ഥാപിക്കേണ്ട ബൾബുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 19 വാർഡുകളിലായി 1433 എണ്ണം തെരുവ് വിളക്കുകൾ സ്ഥാപിച്ചതായുള്ള കരാർ സ്ഥാപനം ലഭ്യമാക്കിയ കണക്കുകളും ഇതിനെ അടിസ്ഥാനമാക്കി വാർഡ് മെമ്പർമാരിൽ നിന്നുമുള്ള സാക്ഷ്യപത്രവുമാണ് ഇത് സംബന്ധിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഈ പ്രൊജക്ട് പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണവും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

2. യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ ടെണ്ടർ രേഖകൾ പ്രകാരം സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് 2 വർഷ വാറന്റി ഓഫർ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത വ്യവസ്ഥ ഗ്രാമപഞ്ചായത്തും യുണൈറ്റഡ് ഇലക്ട്രിക്കൽസും കരാർ സ്ഥാപനവും തമ്മിലുള്ള എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഡ് 17 ഒഴികെ മറ്റ് 19 വാർഡുകളിലായി 1433 ബൾബുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു വാർഡ് മാത്രം ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ ചെയ്യുന്നതിനായി പരാതി രജിസ്റ്റർ സൂക്ഷിക്കാൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിലും ഇതിനായി രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ല. വർഷാവർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനും മാറ്റി സ്ഥാപിക്കുന്നതിനുമായി ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും സൂക്ഷിക്കാത്തത് സംബന്ധിച്ചും മേൽ അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.15/12.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 24,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-16 കുഴൽ കിണറുകൾക്ക് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് - തുടർ നടപടികൾ സ്വീകരിക്കാത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിലും മത്സ്യമാർക്കറ്റിലും കുഴൽ കിണർ നിർമ്മാണത്തിന്റെ ഫീസിബിലിറ്റിയ്ക്കായി ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനായി രൂപീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1

നിർവ്വഹണം	സെക്രട്ടറി
പ്രൊജക്ട് നമ്പർ	138/24
അടങ്കൽ	1,50,000 (വികസന ഫണ്ട്)
ചെലവ് തുക	3,870 (വികസന ഫണ്ട്)
ബിൽ സാങ്ഷൻ നമ്പർ, തീയതി	290/06.02.24

II

നിർവ്വഹണം	സെക്രട്ടറി
പ്രൊജക്ട് നമ്പർ	30/24
അടങ്കൽ	19,07,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 43,000(തനതു ഫണ്ട്)
ചെലവ് തുക	43,000(തനതു ഫണ്ട്)
ബിൽ സാങ്ഷൻ നമ്പർ, തീയതി	285/22.02.24

പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ക്രമ നമ്പർ I പ്രകാരം ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിലും ക്രമ നമ്പർ II പ്രകാരം ഗ്രാമപഞ്ചായത്തിലെ 30 അങ്കണവാടികളിലും കുഴൽ കിണർ നിർമ്മിക്കുന്നതിന് ഫീസിബിലിറ്റി ലഭ്യമാക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന ഒരേ തരത്തിലുള്ള പ്രവൃത്തികൾക്ക് വെവ്വേറെ പ്രൊജക്ട് രൂപീകരിച്ച് നിർവ്വഹണം നടത്തിയത് വിശദീകരിക്കേണ്ടതാണ്.

2. മേൽ പ്രവൃത്തികളുടെ ഫീസിബിലിറ്റി ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കുകയോ തുടർപ്രവൃത്തികൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.3/11.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ

ലഭ്യമാക്കുന്നതുവരെ രണ്ട് പ്രൊജക്ടുകളിലെയും ചെലവ് തുക 46,870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 കമ്പ്യൂട്ടർ എ.എം.സി. രജിസറ്ററിൽ മതിയായ രേഖപ്പെടുത്തലുകളില്ല

പ്രൊജക്ട് നമ്പർ	6/24
അടങ്കൽ തുക **ആകെ**	3,60,000 (വികസന ഫണ്ട്, ജനറൽ) 4,21,940 (തനതു ഫണ്ട്) **7,81,940/-**
ചെലവ് തുക	4,75,591/-
നിർവ്വഹണം	സെക്രട്ടറി

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി യ്ക്ക് കെൽട്രോണിന് തുക നൽകൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം, ഐ.കെ.എം. ഷെയർ അനുവദിക്കൽ തുടങ്ങിയവയ്ക്ക് തുക ചെലവഴിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഐ.കെ.എം ന് പ്രവർത്തന ഫണ്ട്, ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം, കെൽട്രോണിന് എ.എം.സി തുക ഭാഗികമായി നൽകൽ എന്നിവയ്ക്കാണ് 2023-24 വർഷം തുക ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്നവ 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, തൻവർഷം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി.യ്ക്കായി കെൽട്രോൺ ലഭ്യമാക്കിയ 92,571/- രൂപയുടെ ബില്ലിൽ നിന്നും 44,606/- രൂപ (ബിൽ സാങ്ഷൻ നമ്പർ 387/23.03.24) തൻവർഷം നൽകിയിട്ടുണ്ട്. എ.എം.സി യുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	നിരക്ക്	എണ്ണം	ആകെ തുക
1	Desk Top Computer	3300	12	39,600
2	LED Monitor	4550	1	4,550
3	5 KV UPS	9600	1	9,600
4	Documentation Charge	750	1	750
	Server Computer	19400	1	19,400
	ആകെ (ജി.എസ്.ടി ഉൾപ്പെടെ)			92,571

മേൽ പട്ടിക പ്രകാരം ആകെ 12 Desk Top കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി യ്ക്കായി സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ കമ്പ്യൂട്ടർ ഹാർഡ്വെയറുകളുടെ എ.എം.സി രജിസ്റ്ററിൽ, മേൽ കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത തിയതി, വാറന്റി പിരീഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ നിലവിൽ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പല ഉപകരണങ്ങളുടെയും വാങ്ങിയ ഇൻവോയിസ് നമ്പർ, തീയതി, വാറന്റി കാലയളവ് എന്നിവ രേഖപ്പെടുത്താത്തതിനാൽ വാറന്റി കഴിഞ്ഞ ഉപകരണങ്ങൾക്ക് തന്നെയാണോ എ.എം.സി വെയ്ക്കുന്നത് എന്ന് ഉറപ്പ്

വരുത്താൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ എ.എം.സി.യ്ക്കായി ചെലവഴിച്ച 44,606/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം -പിഴ ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പ്രോജക്ട്	ഓഡിറ്റ് വർഷത്തെ ചെലവ്	കരാറുകാരൻ, എഗ്രിമെന്റ് നമ്പർ,തിയ്യതി, എം. ബുക്ക് നമ്പർ	ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി	ഈടാക്കേണ്ട പിഴ
1	167 /23-24(So) കുനിവയൽ കുഴിച്ചാൽമുക്ക് റോഡ്	2,93,229/- വികസന ഫണ്ട് ബിൽ നം./ 217/ 19.12.23	ലിജിൻ.ടി 23/AE/Lid&Ew/Tvr/ 22-23. 18.11.22 എം.ബുക്ക്. നം.60948/2022	4 മാസം 28.11.22 12.9.23	പി.എ.സി തുക 2,51,973/- രൂപയുടെ (3%) രൂപ 7,559/-
2	186/23-24 പുനത്തിൽതാഴെ മഞ്ഞാംപുറത്ത് റോഡ്	23996 വികസന ഫണ്ട് ബിൽ നം 47/27.7.23	ലിജിൻ.ടി 26/AE/Lid&Ew/Tvr/ 22-23. 18.11.22 എം.ബുക്ക്. 62675/22	4 മാസം 28.11.22 5.7.23	പി. എ. സി തുക 2,47,087/- രൂപയുടെ (3%) 7,413/-
3	154/23-24 നമ്പീരാംകുണ്ടി ആലിച്ചേരിക്കടവ് റോഡ്	58,293/- വികസന ഫണ്ട് ബിൽ നമ്പർ 216/19/12/23	ലിജിൻ.ടി 28/AE/Lid&Ew/Tvr/22-23. 18.11.22 എം.ബുക്ക്. 59764/22	3 മാസം 28.11.22 11.9.23	പി.എ.സി തുക 2,53,397/- രൂപയുടെ (3%) 7,602/-
4	147/23-24 ചാപ്പയിൽ ടാങ്ക് റോഡ്	2,92,255/- വികസന ഫണ്ട് ബിൽനം . 181/22.11.23	ലിജിൻ.ടി 30/AE/Lid&Ew/Tvr/22-23. 18.11.22 എം.ബുക്ക്. 68863/22	4 മാസം 28.11.22 26.8.23	പി.എ.സി തുക 2,51,133/- രൂപയുടെ (3%) 7,534/-

5	144/23-24 മണ്ണോളികണ്ടി മുക്ക് കപ്പള്ളിറോഡ്	2,79,632/- വി.ഫണ്ട് ബിൽനം 218/19.12.23 45/27.7.23	ലിജിൻ.ടി 24/AE/Lid&Ew/Tvr/22-23. 18.11.22 എം.ബുക്ക്. 50249/22	4 മാസം 28.11.22 12.9.23	പി. എ. സി തുക 252626 രൂപയുടെ (3%) 7579
6	179/23-24 പുതിയോട്ടം കാട്ടിൽ-മാണിക്കോത്ത് താഴെ റോഡ് റീടാറിംങ്	2,99,636/- വി.ഫണ്ട് ബിൽ നമ്പർ 142/6.11.23	ULCCS 14/AE/Lid&Ew/Tvr/22-23. 14.11.22 എം.ബുക്ക്. 63010/22	4 മാസം 14.11.22 13.9.23	പി. എ. സി തുക 254107.21 രൂപയുടെ (3%) 7,623/-
8	152/23-24 അങ്കണവാടികളുടെ നവീകരണം	3,95,777/- റോഡിതരം ബിൽനം 182/22.11.23 260/27.1.24	ഇബ്രാഹിം . കെ.പി 01/AE/Lsgd/TVR/22-23/ 2.4.22 എം.ബുക്ക്. 675/ 21-22, 674/ 21-22,680/21-22	6 മാസം 2.4.22 10.5.23	പി. എ. സി തുക 739428.44 രൂപയുടെ (3%) 22,183/-
9	161/23-24 മൽസ്യമാർക്കറ്റ് പരിഷ്കരണം	11,59,144/- റോഡിതരം ബിൽനം 318/11.3.24 183/23-24	ULCCS 06/AE/LSGD/22-23/ 21.4.22 എം.ബുക്ക്. 679/21-22 670/21-22	6 മാസം 21.4.22 16.9.23	പി.എ.സി തുക 6,57,676.20 രൂപയുടെ (3%) 19,730/-
	ആകെ				**87,223**

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത കാലയളവിനുള്ളിൽ തന്നെ മരാമത്ത് പണി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാറുകാരൻ അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല . ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്നതിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻകയറിയ്ക്ക് (നം.12/12.12.2024) മറുപടി ലഭ്യമല്ല. പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

1-19 പദ്ധതികളുടെ ബാഹുല്യം - ചെലവ് ശതമാനം കുറയുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷത്തിൽ തയ്യാറാക്കിയത് 45 സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 110 പദ്ധതികളാണ്. പദ്ധതികൾക്കായുള്ള ആകെ അടങ്കൽ 5,94,71,055/- രൂപയിൽ 1,64,52,038/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 28%). ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

ഫണ്ടിനം	അടങ്കൽ	ചെലവ്	ശതമാനം
വികസനഫണ്ട് – പൊതുവിഭാഗം	27,49,991	12,05,144	43.8
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1,13,15,387	18,88,386	16.6
കേന്ദ്രാവിഷ്കൃത ഫണ്ട്	7,60,000	1,00,000	13.15
മറ്റ് ഗ്രാമപഞ്ചായത്ത്	2,00,000	0	0
തനതുഫണ്ട്	1,31,31,117	25,99,649	19.79
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	14,50,000	0	0
സംരക്ഷണ ഗ്രാന്റ് – റോഡ്	2,03,41,485	76,14,470	37.4
സംരക്ഷണ ഗ്രാന്റ് റോഡിതരം	51,49,382	20,78,091	40.35
മറ്റുള്ളവ	43,73,693	9,66,298	22.09
ആകെ	5,94,71,055	1,64,52,038	27.66

തൻവർഷം പുതുതായി രൂപീകരിച്ച 65 പദ്ധതികളിൽ 16 എണ്ണത്തിനു മാത്രമാണ് ഓഡിറ്റ് വർഷം ചെലവുള്ളത്. ചെലവില്ലാത്ത 49 പദ്ധതികളിൽ 45 എണ്ണം റോഡ് പ്രവൃത്തികളും, 4 എണ്ണം കെട്ടിട/കുടിവെള്ള പ്രവൃത്തികളുമാണ്. പുതുതായി രൂപീകരിച്ച പദ്ധതികളിൽ ഇത്തരത്തിൽ വളരെ കുറഞ്ഞ എണ്ണം മാത്രം നിർവ്വഹിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

45 സ്പിൽഓവർ പ്രവൃത്തികളിൽ 14 എണ്ണത്തിന് തൻവർഷവും ചെലവില്ല. മുൻവർഷ പദ്ധതികളിൽ നിർവ്വഹണം ആവശ്യമായവ മാത്രമേ സ്പിൽഓവർ ആയി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുതുള്ളൂയെന്നിരിക്കെ പദ്ധതികൾ തുടർവർഷത്തിലും നടപ്പിലാക്കാതെ പോവുന്നത് ആസൂത്രണത്തിലെ അപാകത മൂലമാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ 20.12.23 ന് പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻകെയറിയ്ക്ക് (നം.14/12.12.24) മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-20 തുക അടവാക്കി - കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭ്യമായില്ല

പ്രോജക്ട് നമ്പർ/ തിയ്യതി	229/24
പദ്ധതി അടങ്കൽ	11,11,000/- രൂപ
ബിൽ നമ്പർ/ തീയതി	315/06.03.24

ചെലവ്	2,68,993/- രൂപ
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പദ്ധതി പ്രകാരം പ്രിന്റർ, ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിന് 22/03/24 ന് 2,68,993/-രൂപ കെൽട്രോണിന് നൽകിയെങ്കിലും പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പുകൾ (39,125*5 = 1,95,625) നാളിതുവരെ ലഭ്യമായില്ല. 54041/TVM/ITBG/P1/RC-01/03/24 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.05/12.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി ലാപ്ടോപ്പുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-21 റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതി അപാകതകൾ

പ്രോജക്ട് നമ്പർ	205/2023-24
പദ്ധതി അടങ്കൽ	10,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 9,32,757+ തനതു ഫണ്ട് 67,243)
ചെലവ്	ഇല്ല
നിർവ്വഹണം	വി.ഇ.ഒ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)09/08/23 ലെ 6-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളെ (2340 പേർ) തെരഞ്ഞെടുത്തെങ്കിലും ടി പദ്ധതിക്കായി മുൻവർഷത്തെ ലിസ്റ്റിൽ ഉൾപ്പെട്ട ആളുകളിൽ നിന്നുമാണ് 22.02.24 ൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്	വാർഡ്	രശീതി ബുക്ക് നം	രശീതി നം	ഗുണഭോക്തൃ വിഹിതം
1	സക്കീന നീർവം ചാലിൽ	4	19,912	1	250
2	കുഞ്ഞമ്മദ് ഹാജി തുമ്പോളി	4	19,912	5	218
3	ദേവി കൊച്ചംവള്ളി	4	19,912	9	218

ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് നിലനിൽക്കെ മറ്റൊരു ലിസ്റ്റിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/2023-24, 10/12/24) പുതിയ ലിസ്റ്റിലെ ഗുണഭോക്താക്കൾ പണം അടക്കാൻ എത്തിയില്ലെന്നും പദ്ധതി നടപ്പാക്കാൻ ഗുണഭോക്താക്കളുടെ അഭാവം ഉള്ളതിനാലാണ് പഴയ ലിസ്റ്റിലെ അംഗങ്ങളെ ഉൾപ്പെടുത്തിയതെന്നും പണി പൂർത്തിയാകുന്ന സമയത്ത് പഴയ ലിസ്റ്റിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഭരണസമിതി തീരുമാനം വാങ്ങുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് നിലനിൽക്കെ പദ്ധതി നടപ്പിലാക്കുന്നതിന് ലിസ്റ്റിന് പുറത്തുള്ളവരെ ഉൾപ്പെടുത്തിയത് ശരിയായ നടപടിയല്ല. മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3)ശുദ്ധി വേസ്റ്റ് കൺസർവേഷൻ സമർപ്പിച്ച ടെണ്ടർ പ്രകാരം റിങ്ങ് കമ്പോസ്റ്റ് ഒരു യൂണിറ്റിന് 2,180/- രൂപ ആണെന്നിരിക്കെ പദ്ധതി പ്രകാരം 10 ശതമാനം ഗുണഭോക്തൃ വിഹിതം 218 എന്നതിനു പകരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളിൽ നിന്നും 250/- രൂപ വാങ്ങിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്	രശീതി നം/ തീയതി	രശീതി ബുക്ക് നം	തുക
1	സക്കീന നീർവം ചാലിൽ	1/22.02.24	19912	250/-
2	സമീന കുഴിച്ചാലിൽ	7/26.02.24	19914	250/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/2023-24, 10/12/24) ഗുണഭോക്താക്കൾ ഒന്നിച്ച് കൂട്ടമായി വന്നപ്പോൾ പറ്റിയ പിഴവാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ടതും ഇത്തരം അപാകതകൾ ആവർത്തിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-22 എംസിഎഫ് വാഹന വാടക - അപാകതകൾ

പ്രോജക്ട് നമ്പർ	50/2023-24
പദ്ധതി അടങ്കൽ	4,85,000/- രൂപ
ചെലവ്	4,85,000/- രൂപ
ബിൽ നം/ തീയതി	30/5.7.23,75/11.08.23,120/03.10.23, 135/02.11.23, 202/05.12.23,252/18.01.24,273/20.02.24, 276/20.02.24,310/05.03.24,499/28.03.24
നിർവ്വഹണം	വി.ഇ.ഒ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി, എം.സി.എഫ് വാടക, എം.സി.എഫ് വാഹന വാടക എന്നിവ നല്കുന്നതിനാണ് മേൽ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം എം.സി.എഫിലേക്ക് എത്തിക്കുന്നതിന് ദിവസ വേതന നിരക്കിൽ (2400/ദിവസം) തെരഞ്ഞെടുക്കപ്പെട്ട നവാസ് മീത്തലെ വണ്ണാറത്ത് (KL-35 F9896) എന്നവരെ താത്കാലികമായി തെരഞ്ഞെടുത്തത് 27.06.23 ലെ 3/3 നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടിയാളെ തെരഞ്ഞെടുത്ത കൊാട്ടേഷൻ നടപടികൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ എന്തടിസ്ഥാനത്തിലാണ് ടിയാൾക്ക് തുക നിശ്ചയിച്ച് നൽകിയത് എന്ന് ഫയലിൽ വ്യക്തമല്ല. കൂടാതെ 2024 ജനുവരിയിൽ ടിയാൾ പിൻവാങ്ങിയതിനാൽ തുടർന്നുള്ള ദിവസങ്ങളിൽ രജീഷ്, കട്ടിലേരി തിരുവള്ളൂർ എന്നവർക്ക് ഇതേ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. രജീഷ് എന്നവരെ തെരഞ്ഞെടുത്തത് സംബന്ധിച്ചും നവാസ് എന്നവരുമായി വെച്ച എഗ്രിമെന്റ് സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ശ്രീ നവാസ് മീത്തലെ എന്നവർക്ക് അസുഖമായതിനാൽ ടിയാൾക്ക് വരാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചതായും കാട്ടേഷൻ ക്ഷണിച്ച് എഗ്രിമെന്റിലേർപ്പെട്ട് മറ്റൊരു കക്ഷിയെ ഏൽപ്പിക്കാൻ സമയക്കുറവുള്ളതിനാൽ നവാസ് എന്നവർ ഏർപ്പാട് ചെയ്ത ശ്രീ രജീഷ് എന്നവരെ ഏർപ്പെടുത്തിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ നവാസ് എന്നവരുമായി വെച്ച എഗ്രിമെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയാൾക്കെതിരെ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ചും വ്യക്തമല്ല. കൂടാതെ നവാസ് എന്നവർ ഏർപ്പാട് ചെയ്ത ശ്രീ രജീഷ് എന്നവരെ ചുമതലപ്പെടുത്തിയ നടപടിയും അംഗീകരിക്കുന്നില്ല. ആയതിനാൽ 2,400/- ദിവസവാടക നിശ്ചയിച്ചതിന്റെയും ശ്രീ നവാസ്, ശ്രീ രജീഷ് എന്നവരുമായി വെച്ച എഗ്രിമെന്റുകൾ ഹാജരാക്കുന്നത് വരെയും വാഹന വാടകയിനത്തിൽ ചെലവഴിച്ച തുക 3,02,100/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-23 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ

വി.ഇ.ഒ. നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിൽ കരാർ ഉടമ്പടി വെച്ച് ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	എഗ്രിമെന്റ് വെച്ച തീയതി	ഗ്രാമ പഞ്ചായത്ത്	അർഹമായ ധനസഹായം	നാളിതു വരെ കൈപ്പറ്റിയ തുക	പൂർത്തീകരിച്ച സ്റ്റേജ്
1	ലക്ഷ്മി തരിയുള്ള മാലയിൽ	02.03.23	തിരുവള്ളൂർ	4,00,000	1,40,000	ലിന്റൽ
2	നാരായണി കുന്ന്യാമ്പ്രത്ത് മീത്തൽ	15.03.23	തിരുവള്ളൂർ	4,00,000	90,000	ബേസ്മെന്റ്
3	കല്യാണി പുതിയോട്ടും കണ്ടി	15.03.23	തിരുവള്ളൂർ	4,00,000	90,000	ബേസ്മെന്റ്
4	ചിരുത കണ്ണാങ്കണ്ടി	15.03.23	തിരുവള്ളൂർ	4,00,000	1,60,000	ചുമരുയരം
5	വത്സല മലയിൽ	15.03.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
6	പുഷ്പവല്ലി വെളുത്ത് പറമ്പത്ത്	17.03.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
7	സജിത മഠത്തിൽ	17.03.23	തിരുവള്ളൂർ	4,00,000	90,000	ബേസ്മെന്റ്
8	ജാനു മുണ്ടേരി	17.03.23	തിരുവള്ളൂർ	4,00,000	40,000	ലിന്റൽ
9	ജാനു അരിയം കുന്നുമ്മൽ	17.03.23	തിരുവള്ളൂർ	4,00,000	90,000	ലിന്റൽ
10	നാരായണി തച്ചൻ കുന്നുമ്മൽ	18.03.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
11	ലീല വെളുവന്റവിട	24.08.23	തിരുവള്ളൂർ	4,00,000	90,000	ലിന്റൽ
12	രാജൻ ടി.കെ	29.05.23	തിരുവള്ളൂർ	4,00,000	90,000	ബേസ്മെന്റ്
13	സരോജിനി തെക്കെ പടിക്കൽ	29.05.23	തിരുവള്ളൂർ	4,00,000	1,20,000	ലിന്റൽ
14	ലക്ഷ്മി കൊമ്മിലോത്ത്	29.05.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
15	നാരായണി മാഡയിൻ പൊയിൽ	13.07.23	തിരുവള്ളൂർ	4,00,000	1,30,000	ലിന്റൽ

16	ലീല പനച്ചിക്കണ്ടി	24.08.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
17	കമല ചാലിൽ	24.08.23	തിരുവള്ളൂർ	4,00,000	90,000	ലിന്റൽ
18	കാർത്യായനി കുളമുള്ളതിൽ	24.08.23	തിരുവള്ളൂർ	4,00,000	40,000	ലിന്റൽ
19	ബബിൻഷ ബാബു	24.08.23	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
20	ജാനു പാറക്കെട്ടിൽ	25.03.24	തിരുവള്ളൂർ	4,00,000	40,000	ബേസ്മെന്റ്
21	ചന്ദ്രി പെറുവത്ത്	25.03.24	തിരുവള്ളൂർ	400000	90000	ലിന്റൽ
22	നാരായണി പൂളക്കണ്ടി	24.08.23	തിരുവള്ളൂർ	4,00,000	40,000	ലിന്റൽ

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/ 2018/ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-24 ഭിന്ന ശേഷി വനിതകൾക്ക് പെട്ടിക്കട - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ	218/2023-24
പദ്ധതി അടങ്കൽ	1,50,000/- രൂപ (പൊതു വിഭാഗം-75,000+ തനതു ഫണ്ട് 75,000)
ചെലവ്	74,000/- രൂപ
ബിൽ നമ്പർ/ തീയതി/ തുക	239/08.01.24 74,000/-
നിർവ്വഹണം	വി.ഇ.ഒ

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ ശ്രീമതി കമല, ശ്രീനന്ദനം എന്നവർക്ക് പെട്ടിക്കട നടത്തുന്നതിനായി 74,000/- രൂപ പെട്ടിക്കട നിർമിച്ച ശ്രീ മണികണ്ഠൻ കടമേരി എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഉടനെ ശ്രീമതി കമല എന്നവർക്ക് സ്ട്രോക്ക് വന്നു കിടപ്പിലായെന്നും ആയതിനെ തുടർന്ന് പെട്ടിക്കട നടത്താൻ കഴിഞ്ഞില്ലെന്നും വി.ഇ.ഒ. അറിയിച്ചു. മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രീമതി കമല എന്നവരുമായി എഗ്രിമെന്റ് വെക്കാതെയാണ് പെട്ടിക്കട അനുവദിച്ചതെന്നു കാണുന്നു. എഗ്രിമെന്റ് വെക്കാതെ കട കൈമാറിയതു സംബന്ധിച്ചും പദ്ധതി ഫലം കാണാത്തതിനാൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.10/11.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതാണ്.

1-25 ഡംപ് സൈറ്റ് ക്ലിയർ ചെയ്യൽ പദ്ധതി- അപാകതകൾ

പ്രോജക്ട് നമ്പർ	211/2023-24
പദ്ധതി അടങ്കൽ	100000/- രൂപ (തനതു ഫണ്ട്)
ചെലവ്	84510/- രൂപ
നിർവ്വഹണം	വി.ഇ.ഒ

2023- 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ നിർവഹണം നടത്തുന്ന പ്രോജക്ട് (നമ്പർ 211) ഡംപ് സൈറ്റ് ക്ലിയർ ചെയ്യൽ എന്ന പദ്ധതി പഞ്ചായത്തിലെ 4 ടൗണുകളും ശുചീകരിക്കുന്നതിനും, പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യാത്തതിനാൽ എം.സി.എഫ്ൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനുമായി നടപ്പിലാക്കിയതാണ്. പഞ്ചായത്തിലെ 4 ടൗണുകളും ശുചീകരിച്ച വകയിൽ കൂലിയിനത്തിൽ ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് 25,765/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യാത്തതിനാൽ ഹരിത കർമ്മസേനയുടെ സഹായത്തോടെ മറ്റൊരു അക്രെഡിറ്റഡ് കമ്പനിയായ ഇക്കോ ഗാർഡ് എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതു പ്രകാരം ഹരിതകർമ്മസേന കളക്ട് ചെയ്ത മാലിന്യത്തിൽ നിന്നും കെട്ടിക്കിടക്കുന്ന ലെഗസി വേസ്റ്റ് ഇക്കോ ഗാർഡ് എന്ന കമ്പനി നീക്കം ചെയ്യുകയും, ആയതിന് 32,045/- രൂപ, 26,700/- രൂപ എന്നിങ്ങനെ പ്രസ്തുത ഏജൻസിക്ക് നൽകേണ്ടതായും വന്നു. പ്രസ്തുത കമ്പനിയുമായി കരാർ ചമച്ചിട്ടില്ലാത്തതിനാൽ ടി തുക ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് നൽകുകയും പകരം പ്രസ്തുത ഏജൻസിക്ക് തരംതിരിച്ച അജൈവ മാലിന്യം നൽകുകയും ചെയ്തു. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)നിലവിൽ ക്ലീൻ കേരള കമ്പനിയുമായുള്ള എഗ്രിമെന്റ് സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)ക്ലീൻ കേരള കമ്പനി യഥാസമയം മാലിന്യം നീക്കം ചെയ്തില്ല എങ്കിൽ എഗ്രിമെന്റ് പ്രകാരം കമ്പനിക്കെതിരെ സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (6/2023-24) നൽകിയതിന്, 2023-24 വർഷം ക്ലീൻ കേരള കമ്പനിയുമായാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളതെന്നും പ്രസ്തുത ഫയൽ ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി യഥാസമയം വേസ്റ്റ് നീക്കം ചെയ്തില്ലെന്നും ആയതിനാൽ അവരുടെ അനുമതിയോടെ മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചതാണെന്നും പ്രസ്തുത ഏജൻസിയുമായി എഗ്രിമെന്റ് വെക്കാത്തതുകൊണ്ടാണ് നേരിട്ട് തുക നൽകാതെ ഹരിതകർമ്മസേനയുടെ അക്കൗണ്ട് വഴി റിജക്റ്റഡ് വേസ്റ്റിനു പകരം സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റ് നൽകിയതെന്നും മറുപടിയിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ ക്ലീൻ കേരള കമ്പനി യഥാസമയം വേസ്റ്റ് നീക്കം ചെയ്യാത്തതിനാൽ അവർ ലഭ്യമാക്കിയ പ്രകാരമുള്ള ബിൽ തുക അനുവദിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇക്കോഗാർഡ് കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതിനാൽ റിജക്റ്റഡ് വേസ്റ്റിനും സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിനും തുക നിശ്ചയിച്ചതെങ്ങനെയെന്ന് മറുപടിയിലും വ്യക്തതയില്ല. ക്ലീൻ കേരള കമ്പനി യഥാസമയം വേസ്റ്റ് നീക്കം ചെയ്യാത്തതിന് പ്രസ്തുത സ്ഥാപനത്തിനെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതിനു പകരം മറ്റൊരു കമ്പനിക്ക് വേസ്റ്റ് കൈമാറിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ക്ലീൻ

കേരള കമ്പനിയുമായുള്ള എഗ്രിമെന്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്ലീൻ കേരള കമ്പനിക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാക്കത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിതകർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/ യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

വാർഡുകളുടെ എണ്ണം	20
ജനസംഖ്യ (2011 സെൻസസ് പ്രകാരം)	35598
ആകെ വീടുകൾ (സഞ്ചയ പ്രകാരം)	9510
ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം)	495
ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം	39

2) ഹരിതകർമ്മസേന

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന 2016 ജൂലൈ മാസം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 2020 ൽ ഹരിതകർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്യുകയും (രജിസ്ട്രേഷൻ നം. 12KD/CA/72/2020തീയതി 03/11/2020) ചെയ്തിട്ടുണ്ട്.

നിലവിൽ 39 പേരടങ്ങുന്ന ഹരിതകർമ്മസേനയിലെ 2 അംഗങ്ങൾ വീതം 20 വാർഡിൽ നിന്നായി യൂസർഫീ പിരിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്നു. സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുന്നവർക്ക് ദിവസവേതനമായി 400/- രൂപയാണ് ഉറപ്പു നൽകിയിട്ടുള്ളത്. ഹരിതകർമ്മസേനയുടേതായി മറ്റ് സംരംഭങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

2023-24 ൽ റിജക്ടഡ് വേസ്റ്റ് കയ്യൊഴിയുന്നതിന് 5,00,000/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രൊജക്ട്	ചെലവഴിച്ച തുക
1	228/23-24, റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന്	2,21,000
ആകെ		2,21,000

ഈ കാലയളവിൽ ഹരിതകർമ്മസേന പിരിച്ചെടുത്ത യൂസർഫീയും, ഹരിത കർമ്മസേനയുടെ ചെലവുകളും താഴെ ചേർക്കുന്നു.

പിരിച്ചെടുത്ത യൂസർ ഫീ	10,40,600
സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം	1,39,240
മറ്റ് വരവ്	788
സേനാംഗങ്ങൾക്ക് നൽകിയ വേതനം	21,62,904
റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന്	2,21,000
കൺസോർഷ്യത്തിന് നൽകിയ തുക	0

മേൽ കാലയളവിൽ ശേഖരിച്ച സെഗ്രിഗേറ്റ് ചെയ്ത മാലിന്യത്തിന്റെ വരുമാനം 1,39,240/- രൂപ ഹരിതകർമ്മ സേനയുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

4) നിലവിലെ അവസ്ഥ

മാലിന്യനീക്കത്തിനായി ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള എന്ന കമ്പനിയുമായി കരാറിലേർപ്പെട്ടിണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 2023-24 വർഷം ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് വെച്ചിട്ടുള്ള സാഹചര്യത്തിലും ക്ലീൻ കേരള യഥാസമയം വേസ്റ്റ് നീക്കം ചെയ്യാത്തതിനാൽ അവരുടെ അനുമതിയോടെ മറ്റൊരു ഏജൻസിയെ ലെഗസി വേസ്റ്റ് നീക്കം ചെയ്യാൻ ഏൽപ്പിച്ചുകൊണ്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ട് (ഇത് സംബന്ധിച്ച് ഖണ്ഡിക 1-25 കാണുക).

2023-24 ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ മുതലായവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രത്യേക പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ	ചെലവഴിച്ച തുക
1	208/23-24, ഹരിത കർമ്മസേനയ്ക്ക് യൂണിഫോം	80000	44,100
2	224/2023-24ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ	394000	3,74,553

ആകെ		**4,18,653**

ഹരിതകർമ്മസേനക്ക് നിലവിൽ താഴെ പറയും പ്രകാരം ബാങ്ക് അക്കൗണ്ടാണ് ഉള്ളത്.

ക്രമ നം.	അക്കൗണ്ട് നം	ബാങ്ക്	നീക്കിയിരിപ്പ്
1	520101268037212	യൂണിയൻ ബാങ്ക്, തിരുവള്ളൂർ	1,78,258/- (31.03.2024 തീയതിയിൽ)

5) മാലിന്യ ശേഖരണ കാര്യക്ഷമത

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കി കണക്കുകൾ പ്രകാരം 2024 മാർച്ചിൽ ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 3460 വീടുകളും 116 മറ്റ് കെട്ടിടങ്ങളുമാണ് ഉള്ളത്. യൂസർഫീ നൽകുവാൻ കഴിവില്ലാത്ത 168 അതിദരിദ്ര കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. മേൽ ഫീ ഗ്രാമപഞ്ചായത്ത് 2023-24 ൽ പ്രത്യേക പദ്ധതിയായി [(209/2023-24) തുക 1,09,800/-] വകയിരുത്തി 54,900/- രൂപ അടവാക്കിയിട്ടുണ്ട്.

2023/2024 മാർച്ച് മാസങ്ങളിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

2023 മാർച്ച് മാസം		2024 മാർച്ച് മാസം	
വീടുകൾ	കെട്ടിടങ്ങൾ	വീടുകൾ	കെട്ടിടങ്ങൾ
യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം			
1394	57	3460	116
പിരിച്ചെടുത്ത ആകെ യൂസർ ഫീ			
94680	8350	194960	13900
പിരിവ് ശതമാനം			
14.65	11.51	36.38	23.43

ഗ്രാമപഞ്ചായത്തിലെ യൂസർഫീ പിരിവും മാലിന്യ ശേഖരണവും കാര്യക്ഷമമല്ല എന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്.

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിക്കൽ പ്രവൃത്തി ഇതുവരെ 100 ശതമാനം പൂർത്തിയായിട്ടില്ല.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ 90% ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ

ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി ശുചിത്വ പദ്ധതിയെ കുറിച്ച് ഗ്രാമസഭകളിലൂടെയും മറ്റ് പൊതു പരിപാടികളിലൂടെയും ജനങ്ങളെ ബോധവത്കരിക്കുന്നതായി വി.ഇ.ഒ അറിയിച്ചു. എന്നാൽ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തതിന് ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യുന്ന പ്രവണതയ്ക്കതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

ഗ്രാമപഞ്ചായത്തിൽ നിലവിൽ 1 താത്കാലിക മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റിയും 20 മിനി എം.സി.എഫ് ഉം ആണ് നിലവിലുള്ളത്. എം.സി.എഫ് കോട്ടപ്പള്ളി വാർഡ്-20 ലും മിനി എം.സി.എഫ് എല്ലാ വാർഡുകളിലുമായി സ്ഥിതി ചെയ്യുന്നു.

9)പ്രവർത്തന അവലോകനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. എന്നാൽ ഓരോ മാസവും ശേഖരിച്ച മാലിന്യവും പിരിച്ചെടുത്ത യൂസർ ഫീയും അവലോകനം ചെയ്യുക എന്നതിനപ്പുറം ഹരിതകർമ്മസേന ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള ചർച്ചകളൊന്നും അവലോകന യോഗങ്ങളിൽ നടന്നു വരുന്നില്ല.

10) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും, ഹരിത കർമ്മസേനയെ ശാക്തീകരിക്കുന്നതിനും സ്വയംപര്യാപ്തമാക്കുന്നതിനുമാവശ്യമായ ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് നടപ്പാക്കുന്നില്ല എന്നാണ് മേൽ വസ്തുതകളിൽ നിന്ന് മനസ്സിലാവുന്നത്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

അപാകതകൾ പരിഹരിക്കുന്നതിനും, ശുചിത്വപരിപാലനം ഉറപ്പാക്കുന്നതിനും, മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് അടിയന്തിരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

2. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് ക്രിയാത്മകമായി നടപ്പാക്കേണ്ടതാണ്.

3. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

4. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ

സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	4.12.2024, 5.12.2024	ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽ കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	110825	ലൈഫ് ഭവനം എസ്.സി നിർമ്മാണവും സ്ഥലം വാങ്ങലും	110825	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	1990000	ലൈഫ് ഭവനം നിർമ്മാ ണവും സ്ഥലം വാങ്ങലും	1990000	
ബ്ലോക്ക് പഞ്ചായത്ത്	2022-23	665340	ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ്	665340	0

ബ്ലോക്ക് പഞ്ചായത്ത്	2023-24	212800	കറവപ്പശു കാലിത്തീറ്റ സബ്സിഡി	212800	87200
ബ്ലോക്ക് പഞ്ചായത്ത്	2023-24	281694	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	281694	0
ജില്ലാ പഞ്ചായത്ത്	2023-24	225260	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,25,260	0
ജില്ലാ പഞ്ചായത്ത്	2023-24	1,00,256	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	1,00,256	0
ജില്ലാ പഞ്ചായത്ത്	2023-24	96,600	കറവപ്പശു കാലിത്തീറ്റ സബ്സിഡി	96,600	0
ജില്ലാ പഞ്ചായത്ത്	2023-24	1,00,000	ലൈഫ് ഭവനം നിർമ്മാ ണവും സ്ഥലം വാങ്ങലും	1,00,000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

-ഇല്ല-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി	സ.ഉ (സാധാ) നം.G.0(MS)68/2018 Dtd.18.05.2018	0	37,13,503	7,76,227	---	29,37,276

ലോൺ-ലൈഫ്						

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	63,07,777
തൻവർഷം നിക്ഷേപിച്ച തുക	5,33,381
ആകെ	68,41,158
തൻവർഷം പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	68,41,158

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക
മന്തരത്തൂർ സഹകരണ ബാങ്ക്-106120010004479	31,06,133
മന്തരത്തൂർ സഹകരണ ബാങ്ക്-106120010002131	17,65,955
മന്തരത്തൂർ സഹകരണ ബാങ്ക് 106120010002797	11,79,781
കേരള ബാങ്ക്-100171807520021	7,89,289
ആകെ	68,41,158

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തീയതി
ലഭ്യമല്ല	--	2386	സോമൻ കെ.ടി.കെ	1230100511/22.05.2023
2021/22	1(31)	2557	ജിഷി.ജിഡി	1230100522/26.07.2023
2022-23	1(31)	421	സോമൻ കെ.ടി.കെ	1230103916/19.01.2024
2022-23	1(31)	1562	സോമൻ കെ.ടി.കെ	1230103917/19.01.24
2022-23	1(31)	3346	യു എൽ സി.സി എസ്	123000619/31.03.24

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം,	സമാഹൃത റിപ്പോർട്ട്	വിഷയം	നിലവിലെ അവസ്ഥ

ഖണ്ഡിക നമ്പർ	വർഷം, ഖണ്ഡിക നമ്പർ		
2014-15, 2-4	2016-17, അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	പരാമർശം തുടരുന്നു
2015-16, 2-2	2016-17 അനുബന്ധം -5	തൊഴിൽ നികുതി അപാകതകൾ	പരാമർശം തുടരുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക	സർട്ടിഫിക്കറ്റ് നമ്പർ, തീയതി	ഉത്തരവാദിയായവർ	ഉൾപ്പെട്ട തുക	റിമാർക്ക്സ്
2007-08 3-14, 3-16	LF14922/Spl Cell/CSC/D2/13	ശ്രീ.മുഹമ്മദ് ഷഫീഖ്.പി, സെക്രട്ടറി ഷിബ (ഹൗസ്) എസ്.ബി കോളനി റോഡ്, മേട്ടം കുന്ന്, തലശ്ശേരി	10758 10645	തുടരുന്നു

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	7,25,40,033
ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	6,47,53,058
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	----
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	31,29,831

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	1,96,000	ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി
1-14	40,255	ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി

1-15	24,00,000	ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി
1-16	46,870	ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി
1-17	44,606	ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി
1-22	3,02,100	ശ്രീമതി ദീപ.ഇ, വി.ഇ.ഒ
ആകെ	31,29,831	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ബാബു ലാൽ എൽ, സെക്രട്ടറി	സർവ്വീസിൽ നിന്നും വിരമിച്ചു	ഇല്ലിക്കൽ, മേന്മുറി (പി.ഒ.), കോട്ടയം
ശ്രീമതി ദീപ ഇ, വി.ഇ.ഒ	വി.ഇ.ഒ, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്	വൈഷ്ണവം ഹൗസ്, പുതുപ്പണം (പി.ഒ.), വടകര

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടു വിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2002-03	കെ.എസ്എ/കെകെഡി/പി5/1606/2022തീയതി.20/10/2022	5	2-1, 3-2, 3-4, 3-6, 3-14
2006-07	കെ.എസ്എ/കെകെഡി/പി5/1261/2022തീയതി.20/10/2022	3	3-17, 3-19, 3-20,
2007-08	കെ.എസ്എ/കെകെഡി/പി5/1268/2022തീയതി.20/10/2022	4	2-6(2),3-14, 3-16, 3-17

2008-09	കെ.എസ്എ/കെകെഡി/പി5/ 1273/2022തീയതി.20/10/2022	8	2-1, 2-2, 2-5, 2-6, 2-7,3-12, 3-14(2), 3-17
2009-10 & 2010-11	എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013	16	3-2 മുതൽ 3-5 വരെ,3-7 മുതൽ 3-9 വരെ,3-12, 3-13, 3-14, 3-15, 3-18, 3-19,3-22, 3-24, 3-25
2013-14 & 2014-15	കെ.എസ്എ/കെകെഡി/പി5/ 1274/2022തീയതി.20/10/2022	3	2-2, 2-3, 2-4
2015-16	കെ.എസ്എ/കെകെഡി/പി5/ 1269/2022 തീയതി.20/10/2022	5	2-2, 2-3, 3-1, 3-3, 3-6
2016-17	കെ.എസ്എ/കെകെഡി/പി5/ 1272/2022 തീയതി 20/10/2022	5	2-5, 2-7, 3-2, 3-4, 3-6
2017-18	കെ.എസ്എ/കെകെഡി/പി5/ 1605/2022 തീയതി 20/10/2022	6	2-3, 2-4(1), 3-3,3-5, 3-7(1), 3-13
2018-19	കെ.എസ്.എ/ കെ.കെ.ഡി/പി5/239/2020/ തീയതി 03/03/2020	29	1-5 മുതൽ 1-32 വരെ, 2-1
2019-20	കെ.എസ്എ/കെകെഡി/പി5/ 1422/2022 തീയതി.22/03/24	29	1-1(1,2,3,4,5), 1-2-1(1,2,3,4,5,6,7,8,9,11), 1-4-1, 1-5(ബി), (സി), 1-6, 1-7, 1-8(1), 1-8(2), 1-9, 1-10, 1-11, 1-12, 1-13(1), 1-14-1, 4-11
2020-21	കെ.എസ്എ/കെകെഡി/പി5/ 1643/2022തീയതി.07/06/2023	29	1-1-1, 1-1-4, 1-2(1,2,3,4,6,10) 1-5, 1-7, 1-10, 1-11-1,2,3, 1-12,1-13, 1-14, 1-15, 1-16, 1-17, 1-20, 1-21,

			1-22, 1-23, 1-24, 1-25, 1-26, 1-27,1-28, 1-29
2021-22	കെ.എസ്എ/കെകെഡി/പി5/220/23 തീയതി.07/06/23	30	1-1 , 1-4, 1-5, 1-6,1-7, 1-8, 1-9, 1-10,1-11,1-12, 1-13,1-14,1-15,1-16,1-17, 1-18, 1-19,1-20,1-21, 1-22, 1-23,1-24,1-25,1-26,1-27,1-28, 1-29,1-30,1-31, 3-1
2022-23	കെ.എസ്എ/കെകെഡി/പി5/1726/23 തീയതി 30/03/2024	35	1-1, 1-1-1 മുതൽ 1-1-6 വരെ, 1-2,1-5,1-6,1-9 മുതൽ 1-32 വരെ, 2-1, 4-11

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 15-05-2024 and submitted on 12-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thiruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thiruvallur Grama Panchayat as on 31-03-2024

Date: 20/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thiruvallur Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1. The following mandatory fincancial statements prescribed in accounting rules are not

   submitted 1) Basic Ratios 2) Note to Accounts.

2. In Cash Flow Statement, Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. No time bound demand entries in the ledger of Property Tax and Profession Tax.
4. Expenditure booked in wrong account head
5. All Bank Accounts not included in the Annual Financial Statement.
6. Unauthorised adjustments in the demand of DCB items
7. credit balance in the bank book
8. Passbook balance shown in BRS not tally with the actual passbook balance as on that day.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്